**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2961** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വിശദമാക്കാമോ; | (എ) | **2016 മുതൽ 24.09.2025 വരെ ലൈഫ് ഭവനപദ്ധതി മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 53,438 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 45,637 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 7,801 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ അനുകൂല്യം ഇനി എത്ര കുടുംബങ്ങൾക്ക് കൂടി ലഭിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 11,811 ഭൂമിയുള്ള ഭവനരഹിതരും ഭൂരഹിത ഭവനരഹിതരായ 6242 പേരും ഭവന നിർമ്മാണ ധനസഹായത്തിനായി കരാറിലേർപ്പെടാൻ അവശേഷിക്കുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരിൽ കരാറിലേർപ്പെടാൻ അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം 2026-27-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി വിഭാഗത്തിലെ ഭൂരഹിത ഭവനരഹിതരിൽ ഭൂമി ലഭിക്കുവാൻ അവശേഷിക്കുന്നവർക്ക് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ